# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **634** **19.3.013** -ൽ മറുപടിക്ക്

ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും.<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പാവപ്പെട്ട കുടുംബങ്ങൾക്കായി നിലവിൽ ഏതെങ്കിലും ഹൗസിംഗ് സ്കീം നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പാവപ്പെട്ട കുടുംബങ്ങൾക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br><br>1. ഇന്നൊവേറ്റീവ് ഭവന പദ്ധതി<br><br>നഗര പ്രദേശങ്ങളിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിന് പുറത്ത് താമസിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് (BPL) നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് മിതമായ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണിത്. പദ്ധതിയിലൂടെ തിരുവനന്തപുരത്ത് പൂജപ്പുരയിൽ 40 ഫ്ളാറ്റുകളും, കൊച്ചിയിൽ തൃക്കാക്കരയിൽ 36 ഫ്ളാറ്റുകളും, തൃശ്ശൂർ കുട്ടനെല്ലൂരിൽ 24 ഫ്ളാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. തൃശ്ശൂർ കുട്ടനെല്ലൂരിൽ 48 ഫ്ളാറ്റുകളും, കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം 40 ഫ്ളാറ്റുകളും നിർമ്മിച്ചു വരുന്നു. |

2. സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടു കൂടി ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യ ഘട്ടമായി 400 ഫ്ളാറ്റുകൾ (കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ളാറ്റുകൾ, ആലപ്പുഴ ജില്ലയിൽ ചെട്ടികുളങ്ങരയിൽ 24 ഫ്ളാറ്റുകൾ, കോട്ടയം ജില്ലയിൽ അകലക്കുന്നത്ത് 48 ഫ്ളാറ്റുകൾ, തൃശ്ശൂർ ജില്ലയിൽ പുതുക്കാട് 72 ഫ്ളാറ്റുകൾ, കോഴിക്കോട് ജില്ലയിൽ ചേളന്നൂരിൽ 66 ഫ്ളാറ്റുകൾ, മലപ്പുറം ജില്ലയിൽ തിരുനാവായയിൽ 60 ഫ്ളാറ്റുകൾ, പാലക്കാട് ജില്ലയിൽ എലപ്പുള്ളിയിൽ 82 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതാണ്.

3. സുരക്ഷ ഭവന പദ്ധതി, ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി, സുനാമി പുനരധിവാസ ഭവന നിർമ്മാണ പദ്ധതി, കോഴിക്കോട് ശാന്തി നഗർ (ബംഗ്ലാദേശ് കോളനി) പുനരധിവാസ ഭവന നിർമ്മാണ പദ്ധതി എന്നിവയും ബോർഡ് പാവങ്ങൾക്കായി നടപ്പാക്കുന്ന പദ്ധതികളാണ്.

(ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ല.

| | | | |
|---|---|---|---|
| (സി) | പ്രാദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നാമമാത്ര തുക സ്വീകരിച്ച് വീട് പണി പൂർത്തീകരിക്കാൻ കഴിയാത്ത ബി.പി.എൽ കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ സഹായം അനുവദിക്കുമോ; | (സി) | മേൽപ്പറഞ്ഞ പദ്ധതികളിൽ അനുവദിക്കാൻ വ്യവസ്ഥയില്ല. |
| (ഡി) | ബി.പി.എൽ. കുടുംബങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യ തൊഴിലാളികൾക്കും വീട് നിർമ്മാണത്തിനുള്ള സാമഗ്രികൾ സൗജന്യ നിരക്കിലോ കുറഞ്ഞ നിരക്കിലോ വിതരണം ചെയ്യുന്ന പദ്ധതി ആലോചിക്കുന്നുണ്ടോയെന്ന്; വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ കലവറകൾ വഴി സിമന്റ്, കമ്പി, മണൽ എന്നിവ കുറഞ്ഞ വിലനിരക്കിൽ നിയന്ത്രിത അളവിൽ ബി.പി.എൽ കുടുംബങ്ങൾക്ക് ഗൃഹനിർമ്മാണത്തിനായി നൽകി വരുന്നു. |

4/

സെക്ഷൻ ഓഫീസർ